<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6261</u> <u>10-07-2024 - ൽ മറുപടിയ്ക്ക്</u>

<u>കാഞ്ഞിരമുഴി ഡ്രിപ് ഇറിഗേഷൻ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുക്കം നഗരസഭയിലെ കാഞ്ഞിരമുഴി ഡ്രിപ് ഇറിഗേഷൻ പദ്ധതിയുടെ സവിശേഷതയും വിശദാംശവും വ്യക്തമാക്കാമോ; | (എ) | കെ.എം. മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന കാഞ്ഞിരമുഴി പ്രദേശത്ത് 196 ഏക്കർ കൃഷി ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത് (ഭരണാനുമതി തുക: ₹5.08 കോടി രൂപ). പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പമ്പ് ഹൗസ് ,ഫെർട്ടിഗേഷൻ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുള്ള മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് സ.ഉ (സാധാ)132/23/WRD തീയതി 01.02.2023 പ്രകാരം KIIDCനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് .<br><br>കൃഷിയിടത്തിലെ മണ്ണിലെ നനവ് അനുസരിച്ച് വിളകൾക്ക് ആവശ്യമായ ജലം പൂർണ്ണമായും ഓട്ടോമാറ്റിക് ജലസേചന സംവിധാനം (Fully Automatic Irrigation System) വഴി വിളകളുടെ വേര് പടലങ്ങളിലേക്കാണ് എത്തിക്കുന്നത്. ഇതിലൂടെ പരമ്പരാഗതമായ ജലസേചന സമ്പ്രദായത്തേക്കാൾ 50 ശതമാനത്തിലധികം ജലം സംരക്ഷിക്കാനും, കാർഷിക വിളകളുടെ ഉത്പാദനം ഇരട്ടിയാക്കാനും, വൈദ്യുതോർജ്ജം സംരക്ഷിക്കാനും സാധിക്കും. കൂടാതെ പദ്ധതി നടപ്പിലാവുന്നതോടെ കാർഷിക വിളകളുടെ ഏകീകൃത വളർച്ച ഉറപ്പാക്കാനും, വിളകൾ അനുസരിച്ച് വളപ്രയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും, കൃഷിയിടത്തിലെ കളകളുടെ വളർച്ച കുറയ്ക്കാനും, കാർഷിക വിളകൾക്കുണ്ടാവുന്ന രോഗങ്ങളും, കീടങ്ങളുടെ ആക്രമണവും കുറയ്ക്കാനും സാധിക്കും. ടി പദ്ധതിയിലൂടെ കാലാവസ്ഥ വ്യതിയാനങ്ങൾ മൂലം ഉണ്ടാവുന്ന വിള നാശവും പ്രതിരോധിക്കാൻ സാധിക്കും. |

| | | | |
|---|---|---|---|
| (ബി) | രണ്ടു ഘട്ടമായി നടക്കുന്ന പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവർത്തനപുരോഗതി വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പമ്പ് ഹൗസ് , ഫെർട്ടിഗേഷൻ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു കരാറുകാരനുമായി കരാർ വെച്ചിട്ടുണ്ട്. പദ്ധതിക്കായി ഡിസൈൻ അപ്പ്രൂവ് ചെയ്യുകയും, പൈപ്പ് ലൈൻ സ്ഥാപിക്കാനായി പെഗ് മാർക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. റോഡ് ക്രോസിങ് അനുമതിക്കായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; | (സി) | റോഡ് സൈഡ് വഴി പൈപ്പ് ലൈൻ സ്ഥാപിക്കാനായി പി.ഡബ്ല്യൂ.ഡി. അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കർഷകസമിതിയിൽ നിന്നും ലഭ്യമാക്കേണ്ടതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതിനുണ്ടായ ചെറിയ കാലതാമസം പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |
| (ഡി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കരാറുകാരൻ സമർപ്പിച്ച പദ്ധതി പ്രവൃത്തിയുടെ ഷെഡ്യൂൾ പ്രകാരം പദ്ധതി ഫെബ്രുവരി 2025-ൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ